**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർ ഫെഡ് മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഉത്സവക്കാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് സർക്കാർ സബ്സിഡിയോടു കൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഉത്സവക്കാല ചന്തകൾ നടത്തിവരുന്നു. കഴിഞ്ഞ നാലര വർഷങ്ങളിൽ നടത്തിയ ഉത്സവക്കാല സബ്സിഡി വിപണനം വഴി പ്രതിവർഷം ശരാശരി 25 ലക്ഷം കുടുംബങ്ങളിൽ ആനുകൂല്യം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് ഗ്രാമ പ്രദേശങ്ങളിൽ കൊറിയർ ഏജൻസി മാതൃകയിൽ പൊതുജനങ്ങൾക്ക് അവശ്യസാധനങ്ങൾ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത് വഴി 44 തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കൺസ്യൂമർ ഫെഡിന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിദേശമദ്യ വിഭാഗം, നീതി മെഡിക്കൽ വിഭാഗം, ത്രിവേണി നോട്ട് ബുക്ക് യൂണിറ്റ്, നീതി ഗ്യാസ് വിഭാഗം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ് എന്നീ സ്ഥാപനങ്ങളാണ് കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്. |
| (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | (സി) | നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഏതാനും വിൽപ്പന യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. |
| (ഡി) | ഇക്കാലയളവിൽ സബ്സിഡി ഇനത്തിൽ കൺസ്യൂമർ | (ഡി) | ഉത്സവകാലച്ചന്ത നടത്തിയിതനുള്ള സബ്സിഡി |

| | | | |
|---|---|---|---|
| | ഫെഡിന് സർക്കാർ എത്ര തുക അനുവദിച്ചു; വെളിപ്പെടുത്തുമോ? | | ഇനത്തിൽ ആകെ 251.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (2016-17 ൽ 53 കോടി രൂപ, 2017-18 ൽ 52 കോടി രൂപ, 2018-19 ൽ 67.66 കോടി രൂപ, 2019-20 ൽ 20.15 കോടി രൂപ, 2020-21 ൽ 58.89 കോടി രൂപ) |

സെക്ഷൻ ഓഫീസർ